**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് - 2012-13 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ കെട്ടിടത്തിന്റെ വൈദ്യുതീകരണം - എസ്റ്റിമേറ്റ് എടുക്കുന്നതിന് റിട്ട.കെ.എസ്.ഇ.ബി. എഞ്ചിനീയർമാരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1770/13/തസ്വഭവ തീയതി, തിരുവനന്തപുരം, 04.07.2013

==========================================================================

പരാമർശം:- 1. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 22.05.2013 തീയതിയിലെ മീറ്റിംഗിലെ 13-ാം നമ്പർ തീരുമാനം.
2. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2013 ലെ സി.763/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2012-13 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ 63,37,43,64 നമ്പർ പ്രോജക്ടുകൾ ഉൾപ്പെട്ട വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് എടുക്കുന്നതിന്, ബ്ലോക്ക് പഞ്ചായത്തിന് 12.5% തുക മുൻകൂറായി കെട്ടിവയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിട്ടയേർഡ് കെ.എസ്.ഇ.ബി. എഞ്ചിനീയറന്മാരെ നിയോഗിച്ച് എസ്റ്റിമേഷൻ നടത്തുന്നതിന് അനുവദിയ്ക്കണമെന്ന് സൂചന(1) തീരുമാനം അനുസരിച്ച് സൂചന(2) പ്രകാരം പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 63,37,43,64 നമ്പർ പ്രോജക്ടുകൾ ഉൾപ്പെട്ട വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ

വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് എടുക്കുന്നതിന് റിട്ടയേർഡ് കെ.എസ്.ഇ.ബി. എഞ്ചിനീയറന്മാരെ നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.പി.ചന്ദ്രപ്രകാശ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, പള്ളുരുത്തി ബ്ലോക്ക് പ ഞ്ചായത്ത്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ